Draft #1 of File 588/AD A1/3/2019/AD A 1 Approved by REGISTRAR on 02-Mar-2019 02:44 PM - Page 1

നമ്പർ. 588/AD A1/3/AD A 1/AD A 1

## <u>സർക്കുലർ</u>

വിഷയം:- മികച്ച സർവ്വകലാശാലകൾക്കുള്ള ചാൻസലേഴ്സ് അവാർഡ് - 2018 - അവാർഡ് ദാനച്ചടങ്ങ് - ക്രമീകരണങ്ങൾ/ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- ബഹു. ഗവർണറുടെ കാര്യാലയത്തിൽ നിന്നുമുള്ള 01.03.2019 തീയതിയിലെ GS5-2452/2018 നമ്പർ കത്ത് (രജിസ്ട്രാറുടെ 02.03.2019 തീയതിയിലെ ഉത്തരവ് സഹിതം)

കേരളത്തിലെ മികച്ച സർവ്വകലാശാലകൾക്ക് നൽകുന്ന ചാൻസലേഴ്സ് അവാർഡ് 2018-ൻറെ അവാർഡ് ദാനച്ചടങ്ങുകൾ 2019 മാർച്ച് 7-ാം തീയതി വ്യാഴാഴ്ച രാവിലെ 10.00 മണി മുതൽ സർവ്വകലാശാല അസംബ്ലി ഹാളിൽ വച്ച് നടത്തുകയാണ്. ചടങ്ങിൻറെ സുഗമമായ നടത്തിപ്പിനായി താഴെപ്പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

1. ചടങ്ങിൽ എല്ലാ അദ്ധ്യാപക-അനദ്ധ്യാപക വിഭാഗം ജീവനക്കാരും പങ്കെടുക്കേണ്ടതാണ്.
2. സമ്മേളനത്തിൽ പങ്കെടുക്കുന്നവർ തങ്ങളുടെ ഹാജർ രേഖപ്പെടുത്തിയതിനുശേഷം, സമ്മേളനം നടക്കുന്ന അസംബ്ലി ഹാളിലെ ഇരിപ്പിടങ്ങളിൽ രാവിലെ 9.30-ന് മുമ്പായി ഹാജരാകേണ്ടതാണ്.
3. അന്നേ ദിവസം സർവ്വകലാശാല ക്യാമ്പസിൽ വിശിഷ്ടാതിഥികളുടെയും, സർവ്വകലാശാലയുടെയും, സിൻഡിക്കേറ്റ് അംഗങ്ങളുടെയും, പൊലീസിൻറെയും വാഹനങ്ങൾ മാത്രമേ പ്രവേശിക്കുവാൻ അനുവദിക്കുകയുള്ളൂ.
4. സമ്മേളനം അവസാനിച്ച് വിശിഷ്ടാതിഥികൾ വേദി വിട്ട് പോയതിനുശേഷം മാത്രമേ സദസ്സിലുള്ളവർ പുറത്തുപോകാൻ പാടുള്ളൂ.
5. ബഹു. ഗവർണറും മറ്റു വിശിഷ്ടാതിഥികളും വേദിയിൽ പ്രവേശിക്കുമ്പോഴും, തിരികെ മടങ്ങുമ്പോഴും, ദേശീയഗാനം ആലപിക്കുമ്പോഴും എല്ലാവരും എഴുന്നേറ്റ് നിൽക്കേണ്ടതാണ്.
6. സമ്മേളന ഹാളിൽ മൊബൈൽഫോണുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ സൈലൻറ് മോഡിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.
7. ചടങ്ങിൽ പങ്കെടുക്കുന്ന എല്ലാ അദ്ധ്യാപകരും, ജീവനക്കാരും, വിദ്യാർത്ഥികളും തിരിച്ചറിയൽ കാർഡ് നിർബന്ധമായും ധരിക്കേണ്ടതാണ്.
8. സർവ്വകലാശാല ജീവനക്കാരുടെ വാഹനങ്ങൾ അന്നേ ദിവസം സർവ്വകലാശാല സ്റ്റേഡിയത്തിൽ പാർക്ക് ചെയ്യേണ്ടതാണ്.
9. ചടങ്ങിന് എത്തുന്നവർക്ക് സ്റ്റേഡിയത്തിൽ നിന്നും പരീക്ഷാ വിഭാഗത്തിൻറെ പിൻവശത്തുള്ള ഗേറ്റിലൂടെ സർവ്വകലാശാല അസംബ്ലി ഹാളിലേയ്ക്ക് എത്താവുന്നതാണ്.

**എം. ആർ ഉണ്ണി**
രജിസ്ട്രാർ

സ്വീകർത്താവ്

1.സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്.
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. എസി.സി. സെക്ഷൻ/സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
6. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
7.നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ